പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1799

25.03.2013-ൽ മറുപടിക്ക്

## മത്സ്യബന്ധന ഉപകരണങ്ങൾക്ക് നഷ്ടപരിഹാരം

**ചോദ്യം**

**ശ്രീ. പി. തിലോത്തമൻ**

**ഉത്തരം**

**ശ്രീ. കെ.ബാബു**

**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)**

(എ) മത്സ്യബന്ധന ഉപകരണങ്ങൾ കടൽ ക്ഷോഭത്തിലും പ്രകൃതിക്ഷോഭത്തിലും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള നഷ്ടപരിഹാരത്തുക എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കമോ:

(എ) മത്സ്യബോർഡ് മുഖേന നടപ്പിലാക്കിവരുന്ന മത്സ്യസുരക്ഷ പദ്ധതിയിൽ അംഗങ്ങളായവരുടെ മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടം സംഭവിക്കുമ്പോൾ നഷ്ടപരിഹാരം നൽകിയതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് താഴെ രേഖപ്പെടുത്തുന്നു. (2009-10 മുതൽ ഇതുവരെ)

| ക്രമ നമ്പർ | ജില്ല | നഷ്ട പരിഹാരം |
|---|---|---|
| 1 | തിരുവനന്തപുരം | 66282 |
| 2 | തൃശ്ശൂർ | 180355 |
| 3 | കോഴിക്കോട് | 30915 |
| 4 | കാസർഗോഡ് | 97216 |
| | ആകെ | 374768 |

മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾ കടൽ ക്ഷോഭത്തിലോ, പ്രകൃതി ക്ഷോഭത്തിലോ നഷ്ടപ്പെട്ടാൽ, മത്സ്യഫെഡ് ഇൻപുട്ട് സെക്യൂരിറ്റി സ്കീമിൽ (MISS) ഉൾപ്പെട്ട മത്സ്യത്തൊഴിലാളികളാണെങ്കിൽ അവർക്ക് മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. കഴിഞ്ഞ 2 വർഷത്തിനിടയിൽ ഇപ്രകാരം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട 81 മത്സ്യത്തൊഴിലാളികൾക്ക് 14,19,749/- രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭത്തിലും കടൽ ക്ഷോഭത്തിലും മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് ഈ സർക്കാർ ചേർത്തല താലൂക്കിൽ എത്ര രൂപ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കമോ?

(ബി) പ്രകൃതി ക്ഷോഭത്തിലും കടൽ ക്ഷോഭത്തിലും മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് ചേർത്തല താലൂക്കിൽപ്പെട്ട തൈക്കൽ FDWCSDF(A) 85/92 സംഘം വഴി (മത്സ്യഫെഡ് മുഖേന) 1,95,032/- രൂപയുടെ മത്സ്യബന്ധന ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ